8 -ാം വർഷം
2024 നവംബർ 3
പള്ളിക്കൂദാശ ഒന്നാം ഞായർ

Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# മണവാളനും കന്യകമാരും

**പുറ 33:1 – 11; ഏശ 40:21 – 31; ഹെബ്രാ 9:1 – 14; മത്താ 25:1 – 13**

## മണവാളനും കന്യകമാരും

ഭൂമിക്കു മുകളിൽ, ആകാശ വിതാനത്തിന് ഉപരി, ഉപവിഷ്ടനായിരിക്കുന്നവൻ (ഏശയ്യ 40:22).

സ്വർഗസ്ഥനായ ദൈവം! എല്ലാം അവനിൽ നിന്നുണ്ടായി. അല്ലെങ്കിൽ അവൻ തന്നെയാണ് എല്ലാം വിശ്വാസമാകുന്ന അടിത്തറ, അതിന്റെ മൂലക്കല്ല്! പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും, കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ് വിശ്വാസം എന്നത് പൂർവ്വീകരിലൂടെ നമ്മൾ പഠിച്ചറിഞ്ഞ പാഠം! ആ വിശ്വാസമാകുന്ന അടിത്തറയിലൂന്നിയല്ലാതെ, സ്വർഗ്ഗരാജ്യത്തിനായുള്ള ഒരുക്കം സാദ്ധ്യമാകുന്നതെങ്ങനെ?

വിശ്വാസം നീതിയായി പരിണമിച്ച സാക്ഷ്യങ്ങൾ നിരവധി. വിശ്വാസം മൂലം ആബേൽ കായേനിന്റേതിനേക്കാൾ ശ്രേഷ്ഠമായ ബലി ദൈവത്തിന് അർപ്പിച്ചു. ഹെനോക്ക് മരണം കാണാതെ സ്വർഗ്ഗത്തിലേക്ക് സംവഹിക്കപ്പെട്ടതും വിശ്വാസംമൂലം. ദൈവം നൽകിയ മുന്നറിയിപ്പിൽ പൂർണ്ണമായും വിശ്വസിച്ചതാണ് ഒരു പെട്ടകം നിർമ്മിക്കാൻ നോഹയെ പ്രേരിപ്പിച്ചത്. തനിക്ക് അവകാശമായി ലഭിക്കാനുള്ള ദേശത്തേക്ക് പോകാൻ വിളിച്ചപ്പോൾ, അബ്രാഹം ഇറങ്ങിപ്പുറപ്പെട്ടതും സാറ ഗർഭധാരണത്തിനുള്ള ശക്തിപ്രാപിച്ചതുമെല്ലാം വിശ്വാസമെന്ന അടിത്തറയുടെ ശക്തി തന്നെയാണ്. ഒരിക്കലും ക്ഷയിക്കാത്ത ആ ഒരു ഉറപ്പിലാണ്.

കാലങ്ങൾക്കിപ്പുറം, ആ അടിത്തറയിൽ കെട്ടിപ്പൊക്കിയ പാരമ്പര്യത്തിന്റെ മറ്റൊരു കണ്ണിയായി, വരാനിരിക്കുന്ന നന്മകളുടെ പ്രധാന പുരോഹിതനായി ക്രിസ്തു പ്രത്യക്ഷപ്പെട്ടു (ഹെബ്രാ 9:11) കാളക്കിടാങ്ങളുടെയോ കോലാടുകളുടെയോ രക്തത്തിലൂടെയല്ലാതെ, സ്വന്തം രക്തമൊഴുക്കി നമുക്കായി നിത്യരക്ഷ സാദ്ധ്യമാക്കി. അവനാണ് പറയുന്നത്, അനുതപിക്കുക, ഒരുങ്ങിയിരിക്കുക, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു.



ജയിൻ ജോർജ്ജ്

പക്ഷെ, ദൈവമക്കൾ എന്ന് അവകാശപ്പെടുന്ന നമ്മളോ; ഒരുങ്ങി യിട്ടുണ്ടോ ആ സ്വർഗ്ഗരാജ്യത്തിനായി? ഇനിയെങ്കിലും തയ്യാറാകുമോ ആ ഒരു ക്കത്തിനായി?

## സ്വർഗ്ഗരാജ്യം

സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള ഉപമകളാൽ സമ്പുഷ്ടമാണ് മത്തായിയുടെ സുവിശേഷം. പലതരം മണ്ണിൽ വിത്തുവിതറുന്ന വിതക്കാരനായും വിളകളും കളകളും ഒരുമിച്ചു വളരുന്ന വയലായും പൊട്ടിമുളച്ച് വളർന്നു പന്തലിക്കുന്ന ഒരു കടുകുമണിയായും, മാവിൽ ചേർക്കുന്ന പുളിപ്പായും, വയലിൽ ഒളിച്ചുവെച്ചിരിക്കുന്ന നിധിയായും, നല്ല രത്നങ്ങൾ തേടുന്ന വ്യാപാരിയായും, കടലിൽ എറിയപ്പെടുന്ന വലയായും, സേവക ന്മാരുടെ കണക്കുതീർക്കാൻ ആഗ്രഹിച്ച രാജാവായും മുന്തിരി ത്തോട്ട ത്തിലേക്ക് ജോലിക്കാരെ വിളിക്കാൻ പുറപ്പെട്ട വീട്ടുടമസ്ഥനായും, തന്റെ പുത്രനുവേണ്ടി വിവാഹ വിരുന്നൊരുക്കിയ രാജാവായും. അങ്ങനെ എത്ര യെത്ര ഉപമകളിലൂടെയാ ണ് യേശു സ്വർഗ്ഗരാജ്യത്തെ വിവരിക്കു ന്നത്. ഈ ലോകജീവിതത്തിന്റെ നിസ്സാരതകൾക്കപ്പുറം, വരാനിരിക്കുന്ന സ്വർഗ്ഗരാജ്യത്തിന്റെ മഹിമയും മഹത്വവും വിളിച്ചോതുന്ന ഉപമകൾ! ഓരോ ഉപമകൾക്കൊടുവിലും അടിവരയിടുന്നത് ഒന്നുമാത്രം; ഒരുങ്ങിയിരിക്കുക, ജാഗ്രതയോടെ.

## കാത്തിരുന്ന കന്യകമാർ

മണവാളനെ കാത്തിരുന്ന കന്യകമാരും സ്വർഗ്ഗരാജ്യത്തിന്റെ ഉപമ തന്നെയാണ്. പത്തുകന്യകമാരും കാത്തിരുന്നു. പക്ഷെ, ഒരുങ്ങി കാത്തി രുന്നത് അഞ്ചുപേർ. മറ്റു അഞ്ചു പേരുടെയും കാത്തിരിപ്പ് വിഫലം!

കന്യക എന്നത് ഒരു പക്ഷെ, ശരീരത്തിന്റെ വിശുദ്ധി എന്ന ഒരു സൂചനയാവാം. പക്ഷെ, അതിനേക്കാൾ എത്രയോ പ്രധാനമായിരുന്നു, സ്വർഗീയ മണവാളനെ കാത്തിരുന്ന് സ്വീകരിച്ച് ആനയിക്കുവാൻ അവർക്ക് വേ ണ്ടിയിരുന്ന മാനസികവും ആത്മീയവു മായി ഒരുക്കം! അവിടെയാണ് അഞ്ചു പേർ വിജയിച്ചതും മറ്റു അഞ്ചുപേർ പരാജയപ്പെട്ടതും. വിജയിച്ചവർ ജ്ഞാനികളും, പരാജയപ്പെട്ടവർ വിഡ്ഢികളും.

സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള ഉപമകളിലെല്ലാം ഇതുപോലുള്ള രണ്ടുതരം ആൾക്കാരുണ്ട്. വയലിൽ വേല ചെയ്യുന്ന രണ്ടുപേരിൽ ഒരാൾ എടുക്കപ്പെടും, മറ്റേയാൾ അവശേഷിക്കും. തിരിക്കല്ലിൽ ധാന്യം പൊടിക്കുന്ന രണ്ടു സ്ത്രീകളിൽ ഒരാൾ എടുക്കപ്പെടും, മറ്റേയാൾ അവശേഷിക്കും. താലന്തുകളുടെ ഉപമയിൽ, വിശ്വസ്തദാസന് പ്രതിഫലം ലഭിക്കും. അവിശ്വസ്തദാ സൻ ശിക്ഷിക്കപ്പെടും. ഒടുവിൽ, ചെമ്മരിയാടുകളെ തന്റെ വലതു വശത്തും, കോലാടുകളെ ഇടതുവ ശത്തും നിർത്തുന്ന അന്തിമ വിധിനാളും രണ്ടു വ്യത്യസ്തത കളാണ് നമുക്കു മുന്നിൽ അവതരിപ്പിക്കുന്നത്. കന്യകമാരും ആ വിധം തന്നെ. വിവേക വതികളായ അഞ്ചുപേർ, മണവാളൻ വരാൻ വൈകുമെന്നറിഞ്ഞു തന്നെയാവണം വിളക്കിന് ആവശ്യമായ എണ്ണ കൂടുതൽ കരുതിയത്. മറ്റുള്ള അഞ്ചുപേരോ അതത്ര കാര്യമാക്കി യതുമില്ല. വിവേകവതികൾ സ്വീകരിക്ക പ്പെട്ടപ്പോൾ, വിവേകശൂന്യർ തിരസ്ക്കരിക്കപ്പെടുന്നു.

വീണ്ടുമൊരു ആഗമനത്തിന്റേയും യുഗാന്ത്യത്തിന്റേയും അടയാളങ്ങൾ അറിയാൻ ആകാംക്ഷയോടെ നിൽക്കുന്ന ശിഷ്യരോട് ഒലിവുമലയിൽ വെച്ച് യേശു നടത്തുന്ന സുദീർഘമായൊരു സംഭാഷണത്തി ലാണ് ഈ ഉപമ നമ്മൾ കാണുന്നത്. ക്രിസ്തുവിന്റെ രണ്ടാംവരവിനായി കാത്തിരിക്കുന്ന ദൈവജനം തന്നെയാവണം, കന്യകമാരിലൂടെ പ്രതിനിധാനം ചെയ്യപ്പെടുന്നത്. മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണപ്പെടുന്ന ഈ ഉപമ, വെളിച്ചത്തിന്റെ ഒരു സുവിശേഷ മായാണ് നമ്മിലേക്ക് എത്തുന്നത്. വി ളക്കും എണ്ണയുമെല്ലാം അതിനോടു ചേർന്നു നിൽക്കുന്ന പ്രതീകങ്ങളും. കാ ത്തിരിപ്പിന്റെ തളർച്ചയിൽ മയങ്ങിപ്പോയ കന്യകമാർക്കു മുമ്പിൽ വൈകിയെത്തുന്ന മണവാളൻ അവൻ തന്നെ. ഇനിയും വരാനിരിക്കുന്നവൻ, യേശു ക്രിസ്തു! മുമ്പൊരിക്കൽ അവൻ തന്നെത്തന്നെ ഒരു മണവാളനായി ശിഷ്യർക്കു മുമ്പിൽ അവതരിപ്പിക്കുന്ന ഒരവസരവും നമ്മൾ കാണുന്നുണ്ട് (ലൂക്കാ 5:34-35) അത് ഈ ഉപമയിൽ നമുക്ക് ഓർക്കാം. വരവേൽക്കാൻ ഒരുങ്ങിയിരിക്കേ ണ്ടിയിരുന്ന കന്യകമാരുടെ ജാഗ്രതയാണ് വിഷയം. ആവശ്യത്തിനുള്ള എണ്ണ ഉണ്ടായിരു ന്നതുകൊണ്ട്, വിളക്ക് കത്തിക്കാൻ കഴിഞ്ഞ അഞ്ചുപേർ! ആ ഒരു ജാഗ്രത ഇല്ലാതെപോയ മറ്റു അഞ്ചുപേർക്ക് അവരോടു യാചി ക്കേണ്ടിവരുന്നു, അൽപം എണ്ണയ്ക്കായി. പക്ഷെ കൊടുക്കാൻ അവർ തയാറാവുന്നില്ല. പകരം അവർ നിർദ്ദേശിക്കുന്നത് പുറത്തുപോയി കച്ചവടക്കാരിൽ നിന്നു വാങ്ങുക എന്നാണ്.

യേശുവിന്റെ മറ്റു പ്രബോധന ങ്ങളിൽ നിന്ന്, തികച്ചും വിപരീതമായ ഒന്ന് ഈ ഉപമയിൽ നമ്മൾ കാണു ന്നുണ്ട്. വിവേകവതികളായ അഞ്ചുപേർ, തങ്ങളുടെ പക്കലുണ്ടായിരു ന്ന എണ്ണ, ഇല്ലാത്തവരുമായി പങ്കുവെയ്ക്കാൻ വിസമ്മതിച്ചവരല്ലേ? മേലങ്കി ചോദിക്കുന്നവന്, തന്റെ കുപ്പായം കൂടി കൊടുക്കാൻ (ലൂക്കാ 6:29) പഠിപ്പിച്ചവൻ എങ്ങനെയാണ് വിവേകവതികളായ കന്യകമാരുടെ പ്രവൃത്തിയെ ന്യായീകരിക്കുന്നത്?

സമാനമായ മറ്റൊരു സന്ദർഭം കൂടി നമ്മൾ ഈ ഉപമയിൽ കാണുന്നു ണ്ട്.

വിവേകവതികളായ അഞ്ചുപേർ വിളക്കുമായി അവനോടൊപ്പം അകത്തു പ്രവേശിക്കുകയും വാതിൽ അടയ്ക്കുകയും ചെയ്യുമ്പോൾ, എണ്ണയുമായി തിരിച്ചുവരുന്ന മറ്റു അഞ്ചുപേർക്കു മുമ്പിൽ ആ വാതിൽ തുറക്കപ്പെടുന്നില്ല. എന്നു മാത്രമല്ല, അകത്തു കയറാൻ യാചിക്കുന്ന അവ രോട് ഞാൻ നിങ്ങളെ അറിയുകപോലു

മില്ലെന്നു പറയുന്ന മണവാളൻ.

സംശയിക്കാം, ഏഴല്ല, എഴുപതു പ്രാവശ്യം ക്ഷമിക്കാൻ പറഞ്ഞ വൻ, ശത്രുവിനെപോലും സ്നേഹിക്കാൻ പറഞ്ഞവൻ, ഒരു കരണത്തടിക്കുന്നവന് മറുകരണം കൂടി കാണിച്ചു കൊടുക്കാൻ പറ ഞ്ഞവൻ. എന്നിട്ടുമെന്തേ, പാവങ്ങളായ, അത്രയൊന്നും പക്വതയില്ലാത്ത ആ കന്യകമാരോടൊന്നു ക്ഷമിക്കാതിരുന്നത്?

വരാൻ വൈകിയപ്പോഴും, തിരിച്ചുപോയില്ലല്ലോ, കാത്തിരുന്നില്ലേ അവർ? ഒടുവിൽ വരുന്ന ജോലിക്കാ രനും ഒരു ദിവസത്തെ മുഴുവൻ വേത നവും കൊടുക്കണമെന്നു പറഞ്ഞവ നല്ലേ, എണ്ണയുമായി തിരികെ വന്ന അവരേയും വിരുന്നിനു കൂട്ടാമായിരു ന്നില്ലേ?

ഈ സംശയങ്ങളും ന്യായങ്ങളു മെല്ലാം കേവലം മാനുഷികം എന്നേ പറയാൻ കഴിയൂ. അന്ത്യവിധിനാളിലെ ന്യായവിധിക്ക്, ഈ ലോക നീതി ന്യായവ്യവസ്ഥകളല്ല, അടിസ്ഥാന മെന്നറിയണം.

മാനദണ്ഡം നിശ്ചയിക്കുന്നത് അവനാണ്. സർവ്വ നീതിന്യായങ്ങൾക്കും അധിപനായ ഒരു ന്യായാധിപൻ! ന്യായവിധിക്കായി അവനു മുമ്പിൽ നിൽക്കുമ്പോൾ, ചുറ്റുമുള്ളവരുടെ നന്മകൾ കടം വാങ്ങി ആർക്കും സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കാൻ കഴിയില്ല. അവനവന്റെ പ്രവൃത്തികൾക്ക് അനുസൃതമായി മാത്രം വിധിക്കപ്പെടും. ക്ഷമാപണങ്ങൾക്കും, ന്യായീകരണ ങ്ങൾക്കും യാചനകൾക്കും ഒന്നുമൊരു പ്രസക്തിയില്ലാത്ത ഒരു സമയം. അതൊന്ന് ഓർമ്മപ്പെടുത്തുകയാണ് ഇവിടെ. സ്വർഗത്തിൽ വലിയൊരു വിരുന്നിന്റെ ആനന്ദം നമ്മൾ പ്രതീക്ഷി ക്കുന്നുവെങ്കിൽ, ജാഗ്രതയോടെയുള്ള ഒരു മുന്നൊരുക്കം കൂടിയേ തീരൂ എന്നൊരു ഓർമ്മപ്പെടുത്തൽ. കർത്താ വേ കർത്താവേ എന്നു വിളിക്കുന്നവനല്ല ല്ലോ, സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനല്ലേ, സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക.

## ഒരുങ്ങാം, സമയമായി

യേശുവിന്റെ രണ്ടാം വരവിൽ അവനൊപ്പം, സ്വർഗ്ഗരാജ്യ ത്തിൽ വിരുന്നിനായി പ്രവേശിക്കു ന്നവരേയും വിവേകരാഹിത്യം മൂലം അവിടെ പ്രവേശനം നിഷേധിക്കപ്പെടുന്ന വരേയുമാണ് ഈ ഉപമയിലൂടെ നമ്മൾ കണ്ടത്.

ക്രിസ്തുവിന്റെ മണവാട്ടി യാണ് തിരുസഭ. യേശുവിന്റെ പ്രത്യാഗമനത്തിനായി കാത്തിരിക്കുന്ന ആ മണവാട്ടിക്കൊപ്പം, അവനായി കാത്തിരിക്കുന്ന തോഴിമാരാണ് സഭയിലെ അംഗങ്ങളായ നമ്മളെല്ലാം. വിവേകവതികളായ കന്യകമാർ കരുതലുള്ളവരായിരുന്നു. മണവാളൻ വരാൻ വൈകിയേക്കും എന്നു മുൻകൂട്ടി ഗ്രഹിച്ച്, ഒരുങ്ങിയിരുന്നവർ. വിശ്വാസത്താലും, പ്രാർത്ഥനയാലും, അനുതാപത്താലും സത്പ്രവൃത്തി കളാലും ദൈവകൃപ തങ്ങൾക്കായി ശേഖരിച്ചുവെച്ചവർ. എന്നാൽ വി വേകരഹിതരായ കന്യകമാർ സ്വർഗ്ഗപ്രവേശനത്തിനുള്ള സർവ്വ യോഗ്യതയും തങ്ങൾക്കു ണ്ടെന്ന അന്ധമായ ബോധ്യത്തിൽ മയങ്ങിപോയവർ.

ഒന്നോർക്കാം. ഉപമയുടെ തുടക്കത്തിൽ, പത്തുകന്യകമാർക്കും ഒരേ സാദ്ധ്യതയും അവസരവും ആണുണ്ടായിരുന്നത്. ആഘോഷ ത്തോടെ മണവാളനെ വരവേൽക്കുക, അവനോടൊപ്പം അകത്തു പ്രവേശിച്ച് വിരുന്നിൽ പങ്കുകൊള്ളുക. പക്ഷെ എപ്പോഴാണ്, അതിൽ അഞ്ചു പേർക്ക്, ആ സാദ്ധ്യതയും അവസരവും നഷ്ടമായത്? മണവാളൻ എത്താൻ വൈകിയപ്പോളല്ല, വന്ന മണവാളനെ വരവേൽക്കാൻ വിളക്കു കൊളുത്താൻ കഴിയാതെ പോയപ്പോൾ, അതിനുള്ള എണ്ണ വാങ്ങാൻ പുറത്തുപോകേണ്ടി വന്നപ്പോൾ. സമയം അതിക്രമിച്ചു അലസതയിലോ, അറി വില്ലായ്മയിലോ നഷ്ടപ്പെടുത്തിയ ഒരു മുന്നൊരുക്കം!

എല്ലാ അറിവുകളും കഴിവുകളും ഒരാളെ രക്ഷിക്കണ മെന്നില്ല എന്നൊരു സങ്കടവും ഈ ഉപമയുടെ അടിത്തട്ടിലുണ്ട്. എല്ലാം ഉണ്ടായിട്ടും അനുദിന ജീവിതത്തിൽ അറിഞ്ഞുകൊണ്ടു തന്നെ അലസതയ്ക്കും നിരുത്തര വാദിത്വത്തിനും, കീഴ്പ്പെട്ടു പോകുന്നുണ്ട് നമ്മൾ. ഓർക്കുക, ഏതൊരുനിമിഷവും മണവാളന്റെ ആഗമനം അറിയിച്ചുകൊണ്ടുള്ള പ്രഘോഷണം നമ്മുടെ കാതുകളിൽ മുഴങ്ങാം.

ഉറക്കത്തിലും കൈവിട്ടു പോകാത്തൊരു കാതോർക്ക ലുണ്ടാവണം.

എണ്ണയില്ലാത്ത വിളക്കിനെ നോക്കി, ഇനിയുമൊരു നിസ്സംഗ തയരുത്. നന്മയും വിശുദ്ധിയും നിറഞ്ഞൊരു എണ്ണയില്ലാതെ ആ വിളക്ക് കത്തില്ലെന്നും, അത് ആരിൽ നിന്നും വാങ്ങാൻ കഴിയി ല്ലെന്നും സ്വയം കണ്ടെത്തേണ്ടതാ ണെന്നും അറിയുക. അതിനുവേണ്ടി ഇനിയും കാത്തി രിക്കാതെ ഇന്നു തന്നെ കണ്ടെത്തുക. ഇനിയൊരു തിരിച്ചു പോക്കില്ല. മറ്റൊരു ഊഴത്തിന് വേണ്ടിയുള്ള കാത്തിരിപ്പും വേണ്ട. സമയം കടന്നു പോകുന്നു. ഓരോ നിമിഷവും അവസരങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

ഓർക്കുക, ആത്മീയമായി ജാഗ്രതയുള്ളവരായി, എല്ലാ സമയവും ഒരുങ്ങിയിരിക്കുക. അതാണ് പരമപ്രധാനം.

നമ്മുടെ സമയ സൗകര്യങ്ങൾ കണക്കുകൂട്ടി, ക്ഷമയോടെ കാത്തി രിക്കുന്ന ഒരുവനല്ല അവൻ. ഏതു ഇരുട്ടിലും, ഏതു സമയവും യാതൊരു മുന്നറിയിപ്പുമില്ലാതെ ഒരു കള്ളനെപ്പോലെ കടന്നുവരാൻ കഴിയുന്നവനാണ് അവൻ. ഉണർന്നിരിക്കുക, ജാഗ്രതയോടെ.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com